സുനാമി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം

104 [292] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുനാമി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ആണ് സർക്കാർ അനുവദിച്ചത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

സൗജന്യറേഷൻ, നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം മത്സ്യബന്ധന ഉപകരണങ്ങൾ നൽകുക, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക നൽകുക, അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയും ധനസഹായവും നൽകുക, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക നൽകുക, പരിക്കേറ്റവർക്ക് ധനസഹായം നൽകുക, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒരു മാസത്തെ മത്സ്യത്തൊഴിലാളി വിഹിതം നൽകുക, തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറുമാസത്തേയ്ക്ക് നീട്ടിവയ്ക്കുക എന്നിവയാണ് അടിയന്തിരാശ്വാസമായി അനുവദിച്ചിട്ടുള്ളത്.

ഫിഷറീസ് റോഡുകൾ

105 [293] ശ്രീ. വി. ഡി. സതീശൻ:
„ കെ. സി. ജോസഫ്:
„ ലൂഡി ലൂയിസ്:
„ ടി. യു. രാധാകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷറീസ് റോഡുകളുടെ ദൈർഘ്യം എത്ര;

(ബി) പുതിയ ഫിഷറീസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഡി) എത്ര കിലോമീറ്റർ ഫിഷറീസ് റോഡുകളാണ് പുതുതായി നിർമ്മിക്കുന്നത്;

(ഇ) നിലവിലുള്ള ഫിഷറീസ് റോഡുകൾ അറ്റകുറ്റപ്പണി നടത്തുവാൻ പദ്ധതിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫിഷറീസ് റോഡുകളുടെ ആകെ ദൈർഘ്യം 204.764 കിലോ മീറ്ററാണ്.

(ബി—ഡി) പുതിയ ഫിഷറീസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട്. എന്നാൽ എവിടെയെല്ലാം എത്ര കിലോമീറ്റർ റോഡുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഇ) പണത്തിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഫിഷറീസ് റോഡുകളുടെ നിർമ്മാണം

106 [294] ശ്രീ. എ. എൻ. രാജൻ ബാബു:

" കെ. കെ. ഷാജു:

" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷക്കാലത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ ജില്ല തിരിച്ചുള്ള പട്ടിക വെളിപ്പെടുത്തുമോ;

(ബി) നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമായിട്ടുള്ള ഫിഷറീസ് റോഡുകളുടെ പട്ടിക വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഫിഷറീസ് റോഡുകളുടെ നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) I. തിരുവനന്തപുരം ജില്ല:

1. ചിലക്കൂർ വള്ളക്കടവ് റോഡ്—10 ലക്ഷം
2. പുന്തുറ ബസ് സ്റ്റാന്റ് റോഡ്—12.8 ലക്ഷം
3. തുമ്പവിള കോൺവെന്റ് കരിമ്പള്ളിക്കര റോഡ്—6.6 ലക്ഷം
4. അരിയിട്ടകുന്ന് ഓരൻതാഴം റോഡ്—12 ലക്ഷം
5. മീരാൻകടവ് പുത്തൻനട റോഡ്—7.50 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly